[Mr. P. Kumaran Ezhuthassan]

അയച്ചതു്. ഏതായാലും ബഹുമാനപ്പെട്ട മന്ത്രി, ഇപ്പോൾ ഇവിടെ ഇല്ലാത്ത മന്ത്രി, ഡെൽഹിക്കു പോയതുകൊണ്ടു കുറച്ചെങ്കിലും ഫലം കിട്ടി എന്നു കാണുന്നതിൽ ഞാൻ കുറച്ചെങ്കിലും സന്തോഷിക്കുന്നു. ഒരു പ്ലാൻ കിട്ടി എന്നു പറഞ്ഞുവല്ലൊ. അങ്ങിനെയെങ്കിലും അല്പം ആശ്വാസത്തിനു വഴിയുണ്ടല്ലൊ. കഞ്ഞിയെങ്കിലും കിട്ടിയാൽ മതി എന്നു വിചാരിക്കുമ്പോൾ കഞ്ഞി കിട്ടുകയാണെങ്കിൽ ഒന്നും കിട്ടാതിരിക്കുന്നതിലും ഭേദമാണെല്ലൊ. എല്ലാ രോഗങ്ങൾക്കും വിധിയാംവണ്ണം ചികിത്സിക്കുവാൻ ഈ പറഞ്ഞ സ്ഥലങ്ങളിൽ, അതായതു തൃശ്ശിവപേരൂരും എറണാകുളത്തും ഉള്ള ആസ്പത്രികൾപോലെ കെട്ടിടങ്ങളൊന്നും അത്ര വലിപ്പത്തിലൊന്നും വേണ്ട. ഓരോ താലൂക്കിലേയും ഓരോ പ്രദേശത്തുമുള്ള ആളുകൾക്കു ജനറൽ ആസ്പത്രിയിൽ എത്തുവാനുള്ള കഴിവുകേടുകൊണ്ടു രോഗികൾക്കു തക്കരാവു പറ്റാതിരിക്കാൻ തക്കവിധത്തിലുള്ള ഒരു നില വരുത്തിത്തരണമെന്നാണ് എന്റെ നിർദ്ദേശം. എതായാലും ഗവൺമെണ്ടിന്റെ മറുപടിയിൽനിന്നു് എന്തെങ്കിലും ഗുണമുണ്ടാകുമെന്നു വിചാരിക്കാവുന്നതുകൊണ്ടു ഞാൻ സഭയുടെ അനുമതിയോടുകൂടി പ്രമേയം പിൻവലിച്ചുകൊള്ളുന്നു.

Resolution by leave with-drawn

RESOLUTION No. 9

Need for introduction of individual tobacco license system

Mr. M. I. Paul *(Narakkal)*: *"This Council recommends to Government that indiv dual tobacco license system should be introduced in the State as in British India."*

ഇന്നു കൊച്ചിരാജ്യത്തു tobacco license ലേലം വിളിച്ചുകൊടുക്കുന്ന സമ്പ്രദായമാണ് കാണുന്നതു്. വലിയവലിയ മുതലാളിമാരും പണം കെട്ടിയിരുപ്പുള്ളവരും വാശിയോടുകൂടി ലേലംവിളിച്ചു ലേലസംഖ്യ കൂട്ടി ലേലംവിളിച്ചു ലൈസൻസ്സു വാങ്ങിച്ചു tobaccoവിനെ സംബന്ധിച്ചുള്ള വില്പനകാര്യം നടത്തുന്നതായി നമ്മുക്കു കാണുന്നു. ഇതിന്റെ ഫലമായി ബീഡി തെറുക്കുകയും പുകയിലകൊണ്ടു പ്രവൃത്തിയെടുക്കുകയും ചെയ്യുന്ന ബീഡിത്തൊഴിലാളികൾക്കും മറ്റും പല വിഷമതകളും വർദ്ധിച്ചുവരുന്നതായി നമുക്കു് അറിയാം. ഇതുകൊണ്ടു വമ്പിച്ച ആദായം മുതലാളിമാർ കരസ്ഥമാക്കുന്നുണ്ടെന്നും നമുക്കറിയാം. മുതലാളിമാരുടെ ഇത്തരം പ്രവർത്തികൾകൊണ്ടു തൊഴിലാളികളുടെ ഇടയിൽ പല വിഷമതകളും കുഴപ്പങ്ങളും രാജ്യത്തിന്റെ നാനാഭാഗത്തും ഉണ്ടെന്നും നമുക്കറിയാം. ബ്രിട്ടീഷിന്ത്യയിൽ നടന്നുകൊണ്ടിരിക്കുന്ന സമ്പ്രദായം Individual license system ആണു്. അതായതു ഒരു കമ്പനിയൊ ഫാക്കനിയൊ കൊടുക്കുന്നപക്ഷം ഒരു ലൈസൻസ്സു് വാങ്ങിക്കാം. ഒരുപക്ഷെ മൊത്തമായി ലേലം ചെയ്യുന്നപക്ഷം ഗവൺമെണ്ടിനു് ഒരു വലിയ സംഖ്യ കിട്ടുവാൻ ഇടയുണ്ടു്. ലൈസൻസ്സു് സിസ്റ്റം വരുകയാണെങ്കിൽ വലിയ ഒരു സംഖ്യ ഗവൺമെണ്ടിനു കിട്ടാൻ ഇടവരുകയില്ല എന്നൊരാശങ്കയുണ്ടായിരിക്കാം. പക്ഷെ ഇന്നു തൊഴിലാളികളുടെ ഇടയിലുള്ള വിഷമതകളും പരിഹരിക്കുവാൻ ഈ ലൈസൻസ്സു്സമ്പ്രദായം നടപ്പിൽ വരുത്തിയാൽ എളുപ്പത്തിൽ സാധിക്കും. ബോംബെയിലും മറ്റും ബീഡിതെറുപ്പു നടത്തുന്നതു സ്ത്രീകളാണു്. നമ്മുടെ രാജ്യത്തും അനവധി സ്ത്രീകൾ ജോലിയില്ലാതെ കഷ്ടപ്പെടുന്നുണ്ടു്. ഈ ലൈസൻസ്സു്സിസ്റ്റം നടപ്പിൽ വരുത്തുകയാണെങ്കിൽ സ്ത്രീകൾക്കുപോലും അവരുടെ വീടുകളിൽ ഇരുന്നു ബീഡി തെറുക്കുക മുതലായ തൊഴിൽ ചെയ്തു വില്പന നടത്തുവാനും സമ്പാദിക്കുവാനും സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങിനെയുള്ള സംഗതികളിൽ ഗവണ്മെണ്ടു് ജനങ്ങൾക്കു, പ്രത്യേകിച്ചു തൊഴിലാളികൾക്കു്, ആനുകൂല്യം ചെയ്യുകൊടുക്കേണ്ടതു ഗവണ്മെണ്ടിന്റെ ചുമതലയാണു്. അതുകൊണ്ടു് ഈ Individual license system നടപ്പിൽ വരുത്തുന്നതിനു വേണ്ടി ഈ സഭ ഈ പ്രമേയത്തെ പിൻതാങ്ങുമെന്നും ഗവണ്മെണ്ടു് അതു് ഉടനെ നടപ്പിൽ വരുത്തുമെന്നും ഞാൻ വിശ്വസിക്കുന്നു. പ്രത്യേകിച്ചു പുകയില ലേലം അടുത്തുണ്ടാകുമെന്നാണു ഞാൻ വിചാരിക്കുന്നതു്. അതിനുമുമ്പു ഈ നിയമം ഗവണ്മെണ്ടു് നടപ്പാക്കുമെന്നു വിശ്വസിക്കുന്നു.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ : ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

*മിസ്റ്റർ പി. ടി. ജേക്കബ്ബു്: നമ്മുടെ നാട്ടിൽ നിലവിലുള്ള കുത്തക സമ്പ്രദായം ഈ നാട്ടിലെ പുകയിലസംബന്ധമായ വ്യവസായങ്ങളും വളരാതിരിക്കത്തക്കവിധത്തിൽ അതിനെ നശിപ്പിച്ചുകൊണ്ടിരിക്കയാണു്. ബ്രിട്ടീഷിന്ത്യയിൽ നോക്കിയാൽ ആ നാട്ടിൽ ഏതെല്ലാം രൂപത്തിലാണു് വ്യവസായം വർദ്ധിച്ചിട്ടുള്ളതെന്നു് നമുക്കു് കാണാൻ സാധിക്കും. കുറഞ്ഞ ഒരു കാലത്തിനുമുമ്പു് നമ്മുടെ നാട്ടിലെ ബീഡിത്തൊഴിലാളികൾ ഒരു പണിമുടക്കിൽ ഏർപ്പെട്ട കാലത്തു് നമ്മുടെ നാട്ടിലെ ആവശ്യത്തിനുവേണ്ടിവന്നതായ ബീഡി മുഴുവനുംതന്നെ ബ്രിട്ടീഷുമലബാറിൽനിന്നും മറ്റുമാണു് ഇറക്കുമതിചെയ്തിരുന്നതു്. അങ്ങിനെ ഒരു നാട്ടിൽ ആവശ്യത്തിനു മുഴുവൻ വേണ്ട വിധത്തിലുള്ള എല്ലാ പ്രവർത്തികളും വളർത്തിക്കൊണ്ടു പോകുവാൻ പറ്റിയതല്ലാത്ത ഒരു രീതിയിലാണു് നമ്മുടെ ഇവിടത്തെ കുത്തകസമ്പ്രദായം. കുത്തകസമ്പ്രദായത്തിൽനിന്നു് തൊഴിലാളികൾക്കു് ന്യായമായ കൂലി ലഭിക്കുവാൻ നിവൃത്തിയില്ലാത്തനിലയിൽ ഇവിടെ ഒരു തൊഴിൽനില വന്നുചേരുകയും അതുപോലെതന്നെ നാട്ടിൽ ഏതെങ്കിലും വ്യവസായികൾക്കു് അല്പാല്പമായിട്ടുള്ള മുതലിറക്കി അവരുടെആവശ്യം ആ തൊഴിലെടുത്തു നിർവ്വഹിക്കാവുന്ന ഒരു നില ഒരിക്കലും കരഗതമാകാത്തവിധത്തിൽ എത്തിച്ചേരുകയുമാണു് ഇന്നത്തെ പുകയില ലേലസമ്പ്രദായം കൊണ്ടു വന്നുചേർന്നിട്ടുള്ളതു്. ഈ നിയമസഭയിൽതന്നെ പല ചോദ്യങ്ങളും ഇതിനെസംബന്ധിച്ചു് ചോദിക്കാൻ ഇടവന്നിട്ടുള്ള സംഗതി ഞാൻ സഭയുടെ മുമ്പാകെ കൊണ്ടുവരുന്നു. അരയണയും ഒരണയും വിലയുള്ള സിഗററിനു മുന്നരയണയും രണ്ടണയും കൊടുക്കേണ്ടിവരുന്നുണ്ടെന്നു് അറിയുകയുണ്ടായി. കുത്തകയായി ഷാപ്പുകൾ കൊടുക്കുന്നതുകൊണ്ടാണു് ഇങ്ങിനെ കൂടുതൽവില വാങ്ങാൻ ഇടയായതു്. ഇന്നു് നമ്മുടെ കമ്പോളങ്ങളിൽ സിഗററു് ആവശ്യമാണെന്നു പറഞ്ഞാൽ "സിഗററു് ഇല്ല" എന്നു് എഴുതിവെച്ചിരിക്കുന്ന ബോർഡുകൾ നമുക്കു് കാണാൻ സാധിക്കുന്നു. Black-ൽ നമുക്കു കിട്ടുകയും ചെയ്യും. പക്ഷെ അങ്ങിനെ കരിഞ്ചന്തയിൽ നമുക്കു് കിട്ടുന്നുണ്ടെങ്കിലും വിലക്കു് വാങ്ങാൻ സാധിക്കാത്ത കാരണം ഈ ലേലം വിളിച്ചു ഷാപ്പുകൊടുക്കുന്ന സമ്പ്രദായം നിലവിലിരിക്കുന്നതുകൊണ്ടാണു്. വളരെ ചെറുതായ ബ്രിട്ടീഷുകൊച്ചിയിലെ കാര്യമൊന്നെടുത്തു നോക്കുക. അവിടെ പുകയിലമാത്രം വില്ക്കുന്ന ഇരുന്നൂറിൽ ചിലപ്പോൾ കടകളുണ്ടു്. ഇത്ര ചെറിയ ഒരു പട്ടണത്തിൽ ഇത്രയും കൂടുതൽ ലൈസൻസ്സു് ഷാപ്പുകൾ ഉള്ള സ്ഥിതിക്കു് മട്ടാഞ്ചേരിയെപ്പോലേയും എറണാകുളത്തെപ്പോലേയും ധാരാളം ആളുകൾ വന്നുപൊയ്ക്കൊണ്ടിരിക്കുന്ന വലിയ പട്ടണങ്ങളുള്ള നമ്മുടെ രാജ്യത്തു ലൈസൻസ് ഷാപ്പുകൾ എപ്പെടുത്തുകയാണെങ്കിൽ എത്ര അധികം വരുമാനമുണ്ടാകുമെന്നു് ആലോചിക്കേണ്ടതാണു്. ഇങ്ങിനെ ചില മുതലാളികൾക്കുമാത്രം അനുശീമകളിൽനിന്നു് കുത്തകയായി പുകയിലയും മറ്റു സാധനങ്ങളും വരുത്തി വില്ക്കുവാൻ അനുവദിക്കുന്നതുകൊണ്ടു് അവക്കു് കുറഞ്ഞവിലക്കു കിട്ടുന്ന സാധനങ്ങൾ വലിയ വിലക്കു് വിറ്റു് അമിതമായ ആദായം എടുക്കുവാൻ സാധിക്കുന്നു. ഇങ്ങിനെ ഒരു പരിതസ്ഥിതി വെച്ചുകൊണ്ടിരിക്കുന്നതു് ശരിയല്ല. ചിലപ്പോൾ ഗവണ്മെണ്ടിനു് ഇന്നത്തെ കുത്തകസമ്പ്രദായംകൊണ്ടു് കിട്ടുന്നതിനേക്കാൾ ലക്ഷത്തോളം ഉറുപ്പിക ആദായം ലൈസൻസ് സമ്പ്രദായംകൊണ്ടു് കിട്ടുമോ എന്നൊരു ചോദ്യമുണ്ടായേക്കും. പക്ഷെ അതിനു് ശരിയായ ഒരു പദ്ധതിയുണ്ടാക്കുവാൻ ഓരോ താലൂക്കിലും ഇത്രയിത്ര കടകൾ ഉണ്ടെന്നും അതിൽ ഇത്രയിത്ര ചിലവുണ്ടാകുന്നുണ്ടു് എന്നും മറ്റുമുള്ളകണക്കുകൾ ശേഖരിക്കുന്നതിനു ഒരു പദ്ധതിയുണ്ടാക്കുവാൻ സാധിക്കും. അങ്ങിനെ ഒരു പദ്ധതിയുണ്ടാക്കിയാൽ നമുക്കു് വേണ്ട വരവിനുള്ള മാർഗ്ഗങ്ങളും കണ്ടുപിടിക്കാം. ഈ കണക്കുകൾ Excise Commissioner ടെ ആപ്പീസ്സു് പരിശോധിച്ചാൽ നമുക്കു കിട്ടുന്നതാണു്. തിരുവിതാംകൂറിലും മറ്റും നാലുറുപ്പികമുതൽ നാല്പതുറുപ്പികവരെയുള്ള ലൈസൻസ് ഫീ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. T. Jacob]

സുണ്ട്. നമ്മുടെ നാട്ടിലും അതുപോലെയൊ അതിലധികമൊ ലൈസൻസ് ഫീസ് വ സൂൽചെയ്യുകയാണെങ്കിൽ ഈ വരുമാനം ഉണ്ടാകാൻ ഇടയുള്ളതാണ്. ഇന്ന് പണക്കാർ അവരുടെ സ്വാധീനശക്തി ഉപയോഗിച്ച് ഈ കുത്തകസമ്പ്രദായം വളരെക്കാലമായി നിലനിൽത്തിപോരുന്നതായി നമുക്ക് കാണാൻ സാധിക്കും. എറണാകുളത്തെ സ്ഥിതിപ രിശോധിച്ചുനോക്കിയാൽതന്നെ ക 0-0, ഖ 0-0, ന 0-0 കൊല്ലമായി ഒരേ ഒരാളുടെ ക യ്യിൽത്തന്നെ പുകയിലഷാപ്പ് ഇരിക്കുന്നതായിട്ടുള്ള ഒരേപ്പാടാണ് കാണുന്നതു്. ലാഭ ത്തിനുവേണ്ടിചില പ്രത്യേക കമ്പനിക്കാരുമായി ഏർപ്പാടുചെയ്ത ചില പഴയ ചരക്കുകൾ മാത്രം വരുത്തി വില്പന നടത്തി ആ സാധനത്തിനുമാത്രം അമിതമായ വില വല്പിപ്പിച്ചു കൊണ്ടിരിക്കുന്നതായി നാം കാണുന്നുണ്ട്. ഇതെല്ലാം തടയേണ്ട ആവശ്യം ഇന്നത്തെ ഗവ ൺമെണ്ടിനുണ്ട്. രണ്ടരപ്പിക നാലണക്ക കിട്ടുന്ന New castle സിഗററിനു് ഫ ക. ഫ ഖ ണ. യാണ് ഇവിടെ വാങ്ങിക്കുന്നതു്. കമ്പനിക്കാരുടെ വ്യവസ്ഥ എന്താണെന്നുവെ ച്ചാൽ രണ്ടരപ്പിക നാലണമാത്രമെ വാങ്ങിക്കാവൂ എന്നാണെങ്കിലും ഗവൺമെണ്ട് ഗസററിൽ ഇതിനു് ഇന്നവില വസൂൽചെയ്യാമെന്നു നിർദ്ദേശിക്കാതിരിക്കുന്നകാലത്തോളം ഞങ്ങൾ ഈ വില വസൂൽചെയ്യുമെന്നാണ് ഇവിടത്തെ എ. ക്ലാസ്സും ബി. ക്ലാസ്സും ഷാപ്പുകാർ പറ യുന്നതു്. ഇത്തരം അക്രമങ്ങളെ തടയേണ്ട ആവശ്യം നമുക്കുണ്ട്. ഈ വക സംഗതിക ളെ ഞാൻ ബഹുമാനപ്പെട്ട സഭയുടെ മുമ്പിൽ വെയ്ക്കുകയും ഉടനെ ലൈസൻസ് സമ്പ്രദായം നടപ്പാക്കുമെന്നു് വിശ്വസിക്കുകയുംചെയ്തുകൊണ്ട് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

* മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ഈ കാര്യം, ബഹുമാനപ്പെട്ട മെമ്പർ മാർ ഇവിടെ വിവരിച്ച മാതിരി ഒരു ഭാഗം മാത്രമുള്ള ഒരുകാര്യമല്ല. ഇന്നു ബീഡി ത്തൊഴിലാളികൾക്കു പല വിധത്തിലുള്ള അവശതകളുണ്ട്. അവയ്ക്കു ഒരു പരിഹാരം കാണേണ്ടതാണെന്നുള്ള നിലയിലാണു ഈ പ്രമേയം പ്രധാനമായി കണക്കാക്കേണ്ട തെന്നു ഇതിന്റെ അവതാരകനും പിന്താങ്ങിയ മിസ്റ്റർ ജേക്കബ്ബും ഇവിടെ പറയുകയുണ്ടാ യി. കൂടാതെ വേറെയും പല കാരണങ്ങളും പറഞ്ഞു. പിന്നെ വ്യവസായം വളരുകയും വേണം. പക്ഷെ, ബീഡിത്തൊഴിലാളികൾക്കു കൂലി കുറവാണെങ്കിൽ അതു പുകയിലക്കച്ചവടം ചെ യ്യുന്നവർ കുറവായതുകൊണ്ടാണെന്നു ഗവൺമെണ്ടു വിചാരിക്കുന്നില്ല. നേരെമറിച്ചു ഈ പ്ര മേയം അംഗീകരിക്കുന്നപക്ഷം കുറെയധികം പുകയിലക്കച്ചവടക്കാരുണ്ടാകയും അവരുടെ കീ ഴിൽ ബീഡിത്തൊഴിലാളികൾ വല്പിക്കയും ചെയ്യുന്നതുകൊണ്ടു സംഘടിതരായി മുതലാളി യുമായി ന്യായം പറയാൻ സൌകര്യം കുറയുകയും അങ്ങിനെ ബീഡിത്തൊഴിലാളികളുടെ നില ഇന്നത്തേക്കാൾ മോശമാകയും ചെയ്യുകില്ലെ എന്നാണു ഗവൺമെണ്ടു ഭയപ്പെടുന്നതു്. അ തിനേക്കാൾ പ്രധാനമായ ഒരു കാര്യമുണ്ട്. ഗവൺമെണ്ടിന്റെ ആദായമാർഗ്ഗങ്ങളിൽ പുക യില ഏറ്റവും പ്രധാനമായ ഒരിനമാണ്. ഫ ഫ ഖ ഖ-ൽതന്നെ ഏതാണ്ടു ഖ 0 ലക്ഷത്തോ ളം രൂപ അതായതു കൃത്യമായി പറയുന്നപക്ഷം ഫ്യ,ന ഫ, 0 0 0 രൂപ പുകയിലഷാ പ്പുകളുടെ റെന്ററിൽനിന്നു കിട്ടുന്നുണ്ട്. ഈ സംഖ്യ ഈ ഗവൺമെണ്ടിനു ഉപേക്ഷിക്കാൻ സാ ദ്ധ്യമല്ല. ഈ ഗവൺമെണ്ടുതന്നെയല്ല ബ്രിട്ടീഷ് ഗവൺമെണ്ടും തിരുവിതാംകൂർ ഗവൺമെണ്ടും പ്രധാനമായ ഒരു വരവിനമായിട്ടാണു പുകയില നികുതി കണക്കാക്കുന്നതു്. ഈ നികുതി ഇപ്പോൾ റെന്ററൽ ആയിട്ടാണു വസൂലാക്കുന്നതു്; അതിനുപകരം ആ സംഖ്യ ലൈസൻ സ് ഫീസായിട്ട പിരിക്കാമെന്നാണിവിടെ പറഞ്ഞുകേട്ടതു്. ഇതു ബ്രിട്ടീഷിന്ത്യയിലെ രീതി തെറ്റായി ധരിച്ചതുകൊണ്ടാണു പറഞ്ഞതെന്നു ഞാൻ വിശ്വസിക്കുന്നു. മിസ്റ്റർ എം. ഐ. പോൾ ചില്ലറക്കച്ചവടക്കാർക്കു കച്ചവട സൌകര്യത്തിനു അങ്ങിനെ വേണമെന്നു പറയുക യുണ്ടായി. ഒരു പത്തുരൂപ ഫീസുകണക്കാക്കിയാൽ ഖ 0 ലക്ഷം രൂപ കിട്ടണമെങ്കിൽ ഖ ല ക്ഷം ഷാപ്പുകളുണ്ടായിരിക്കണം. തിരുവിതാംകൂറിൽ ൪ 0 രൂപ ലൈസൻസ് ഫീസുണ്ടെന്നു പറഞ്ഞു. അങ്ങിനെ നോക്കിയാൽ ൪ 0,0 0 0 പുകയിലഷാപ്പുകൾ കൊച്ചിയിൽ വേ ണം. കൊച്ചിയിലെ വില്ലേജുകളിൽ ഇത്രയധികം പുകയിലഷാപ്പുകളുണ്ടാകയാണെങ്കിൽ ലൈസൻസു ഫീസുപോലും അടയ്ക്കുവാൻ സാധിക്കാതെ അതൊക്കെ പൊളിയുമെന്നു തോന്നുക്കമറി യാം. ബ്രിട്ടീഷിന്ത്യയിലാണെങ്കിൽ ലൈസൻസു ഫീസുമാത്രമല്ല പിരിക്കുന്നതു്. അവി ടെ ലൈസൻസു ഫീസിനു പുറമെ എക്സൈസ് ഡ്യൂട്ടിയുംകൂടിയുണ്ട്. അവിടെ പുകയില ഉ ണ്ടാകുന്നുണ്ട്. അവിടെ പുകയില ഉണ്ടാക്കുന്നവരോടും പിന്നെ അതുണ്ടാക്കി വില്ക്കുന്നവരോ ടും മറ്റും ഡ്യൂട്ടിപിരിക്കുന്നുണ്ട്. ഇവിടെ പുകയില ഉണ്ടാകുന്നില്ലാത്തതുകൊണ്ടു ഇവിടെ എ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ക്ലൈസ് ഡ്യൂട്ടി ചുമത്താൻ നിവൃത്തിയില്ല. പിന്നെ ബ്രിട്ടീഷിന്ത്യയിൽനിന്നു ഇങ്ങോട്ട കടത്തുന്ന പുകയിലയ്ക്കു ഇറക്കു മതിച്ചുങ്കം ചുമത്തുക എന്നുള്ളതാണ്. പക്ഷെ ബ്രിട്ടീഷ് ഗവൺമെണ്ടും നമ്മളുടെ ഗവൺമെണ്ടുമായിട്ടുള്ള കരാറുകൾകൊണ്ടു ഇംപോർട്ട് ഡ്യൂട്ടി ചുമത്താൻ നിവൃത്തിയില്ല. അതു നിയമതടസ്സമാകും. പ്രമേയത്തിൽ പറയുന്നതു "Individual tobacco license system should be introduced in the State as in British India" എന്നാണ്. പക്ഷെ അവിടെ ലൈസൻസു ഫീസുമാത്രമല്ലാ എക്സൈസു ഡ്യൂട്ടികൂടി ചുമത്തുന്നുണ്ട്. തിരുവിതാംകൂറിലാണെങ്കിൽ Import duty ചുമത്താൻ നിയമതടസ്സമില്ല. അതുകൊണ്ടാണു അവിടെ അങ്ങിനെ ചെയ്യുന്നു. അതുകൊണ്ടു ഇവിടെ ഈ പ്രമേയം അംഗീകരിച്ചാൽ ൨ ൦ ലക്ഷം രൂപ നഷ്ടംവരും. നാട്ടിലെ ജനങ്ങളുടെ ഇടയിൽ കച്ചവടം വർദ്ധിക്കുമെങ്കിലും ഗവൺമെണ്ടിന്റെ ആദായം പോകും. പിന്നെ തൊഴിലാളികൾക്കു അതുകൊണ്ടൊട്ടും ഗുണമുണ്ടെന്നു തോന്നുന്നുമില്ല. ഈ സമയത്തു ൨ ൦ ലക്ഷം രൂപ ഉപേക്ഷിക്കത്തക്ക നിലയിലല്ല കൊച്ചിഗവൺമെണ്ടിന്റെ സാമ്പത്തികനില. അതുകൊണ്ടു പ്രമേയം അംഗീകരിക്കാൻ നിവൃത്തിയില്ല. പിന്നെ ഈ സംഖ്യതന്നെ പിരിക്കത്തക്ക നിലയിൽ ഇന്നത്തെ ആദായം തന്നെ നിലനിറുത്തിക്കൊണ്ടു, വേറൊരു സമ്പ്രദായം നടപ്പിൽ വരുത്താൻ കഴിയുമോ എന്നു ചോദിച്ചാൽ അതു പെട്ടെന്നു സാദ്ധ്യമല്ലെന്നു പറയാതെ തരമില്ല. ഇപ്പോൾ ഇന്ത്യാഗവൺമെണ്ടുമായി കൊച്ചിഗവൺമെണ്ടു പലതരത്തിലുള്ള എഗ്രിമെൻറുകളെ കുറിച്ചും ആലോചന നടത്തിവരികയാണ്. ആക്ടുത്തിൽ എക്സൈസു ഡ്യൂട്ടിയുടെ കാര്യത്തെക്കുറിച്ചും ആലോചിച്ചു ഇന്നത്തെ സമ്പ്രദായത്തിൽ എന്തെങ്കിലും വ്യത്യാസം വരുത്താൻ കഴിയുമോ എന്നു നോക്കാം. പലകാര്യങ്ങളെ കുറിച്ചു പുതിയതായി ആലോചന നടത്തുന്നുണ്ട്. ആക്ടുത്തിൽ ആലോചിക്കാമെന്നല്ലാതെ പെട്ടെന്നൊന്നും ചെയ്യാൻ സാദ്ധ്യമല്ല. ബഹുമാനപ്പെട്ട മെമ്പർ കൊണ്ടുവന്ന പ്രമേയം അതേപടി സ്വീകരിച്ചാൽ ൨ ൦ ലക്ഷം രൂപ ഗവൺമെണ്ടിനു നഷ്ടംവരുമെന്നുള്ളതുകൊണ്ടു അതു അംഗീകരിക്കുവാൻ തല്ക്കാലം നിവൃത്തിയില്ല.

മിസ്റ്റർ പി. ടി. ജോക്കബ്: ഈ കുത്തക സമ്പ്രദായംകൊണ്ടു ഗവൺമെണ്ടിനു സെയിൽസ് ടാക്സ് നഷ്ടമല്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ലൈസൻസ് ഫീസ് വർദ്ധിപ്പിച്ചു ഈ സംഖ്യയുണ്ടാക്കാൻ സാദ്ധ്യമല്ല. എന്തെന്നാൽ, ൨ ൦ ലക്ഷം രൂപയുണ്ടാകണമെങ്കിൽ, ഒരു ഷാപ്പിനു ൧,൦ ൦ ൦ രൂപ കണക്കാക്കിയാൽ ൨,൦ ൦ ൦ ഷാപ്പുകൾവേണം. അയിരം രൂപ ലൈസൻസ് ഫീസ്കൊടുത്തു പുകയിലക്കച്ചവടം നടത്താവുന്ന ൨,൦ ൦ ൦ ആളുകളെ കൊച്ചിരാജ്യത്തിൽ കിട്ടുകയില്ല. പിന്നെ സെയിൽസു ടാക്സ്കൊണ്ടും മറ്റും ഈ സംഖ്യയുണ്ടാക്കാമോ എന്ന കാര്യം ആലോചിക്കേണ്ടതാണ്. ലൈസൻസ് ഫീസിനു പുറമെ Import duty യും ചുമത്തിയാൽ ബ്രിട്ടീഷിലെപോലെ ഇവിടെയും ചെയ്യാൻ സാധിക്കും. ഇതിനെകുറിച്ചു ബ്രിട്ടീഷ് ഗവൺമെണ്ടുമായി ആലോചിക്കേണ്ടതാൺ. ഇതുതന്നെയല്ല മറ്റു പല കാര്യങ്ങളെക്കുറിച്ചും ആലോചന നടക്കുന്നുണ്ട്. ആക്ടുത്തിൽ ഈ കാര്യവും ആലോചിക്കുന്നതാണ്. അങ്ങിനെയല്ലാതെ പെട്ടെന്നു ഒന്നും ഈ കാര്യത്തിൽ സാദ്ധ്യമല്ല.

മിസ്റ്റർ എം. ഐ. പോൾ: സർ, മന്ത്രി അവർകളുടെ മറുപടിയിൽനിന്നു ഞാൻ മനസ്സിലാക്കുന്നതു കൊച്ചിരാജ്യത്തിന്റെ ഭണ്ഡാരത്തെ കായ്മയായി സ്പർശിക്കുന്ന ഒന്നായതുകൊണ്ടു കുത്തക സമ്പ്രദായം നിറുത്തലാക്കിയാൽ ഗവൺമേണ്ടിന്റെ ഭണ്ഡാരം ശോഷിക്കുമോ എന്നുള്ള ആശങ്ക ഗവൺമേണ്ടിനുണ്ടു എന്നുള്ളതാണ്. എന്നാൽ അങ്ങിനെയുള്ള യാതൊരുവിധ ആശങ്കയ്ക്കുംവഴിയില്ലാത്തരത്തിൽ ഈ ലൈസൻസ് ഫീസ് വർദ്ധിപ്പിച്ചു ആ സംഖ്യയുണ്ടാക്കാൻ കഴിയുന്നതാണ്. കൊച്ചി, എറണാകുളം, തൃശ്ശിവപേരൂർ എന്നീ പട്ടണങ്ങളിൽ ലൈസൻസ് ഫീസ് വർദ്ധിപ്പിക്കയും മറ്റു സ്ഥലങ്ങളിൽ താരതമ്യേന കുറയ്ക്കുകയും ചെയ്താൽ യാതൊരു നഷ്ടവും ഉണ്ടാകാതെ ഇന്നു കിട്ടുന്ന സംഖ്യ പിരിക്കാവുന്നതാണ്. അങ്ങിനെ ലൈസൻസ് ഫീസ് നിയന്ത്രിച്ചു വ്യവസായം വർദ്ധിപ്പിക്കാൻ കഴിയും. പിന്നെ വ്യവസായം വർദ്ധിക്കുകയാണെങ്കിൽ ഗവൺമേണ്ടിനു മറ്റു തരത്തിലും ആദായമുണ്ട്. അതായതു സെയിൽസ് ടാക്സും ഇങ്കംടാക്സും അങ്ങിനെ നമ്മളുടെ ഭണ്ഡാരത്തിനു കോട്ടം വരാതെ തന്നെ ഇതു നടപ്പിൽ വരുത്താം. അതിനെപ്പറ്റി ഗവൺമേണ്ടിന്റെ മറുപടി ഒന്നുകൂടി അറിവാനാഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി ഇതിലുള്ള വിഷമങ്ങളെകുറിച്ചു

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. I. Paul]

ചിന്തിക്കാനും അതിനു പരിഹാരമുണ്ടാക്കാനുമായി ഒരു കമ്മിറ്റിയെ രൂപീകരിക്കാൻ ഞാൻ ഈ സഭയുടെ അനുവാദം ആവശ്യപ്പെടുന്നു.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ലൈസൻസ് ഫീസ് മാത്രമല്ല, കുത്തക സമ്പ്രദായം മാറേണ്ടതുണ്ടോ എന്നൊക്കെ ആലോചിക്കാനുണ്ട്. അതിൽ പ്രധാനമായി ആലോചിക്കാനുള്ളതു് Import duty-യെ കുറിച്ചാണു്. അതു് ഇന്ത്യാഗവമ്മെണ്ടുമായി ആലോചിക്കേണ്ടതാണു്. അതിനെക്കുറിച്ചു ഗവമ്മെണ്ടു കാര്യമായി ആലോചന നടത്തുന്നതാണു്. ബഹുമാനപ്പെട്ട മെമ്പർ ഗവമ്മേണ്ടിന്റെ ബുദ്ധിമുട്ടും ആലോചിക്കേണ്ടതാണു്.

മിസ്റ്റർ എം. ഐ. പോൾ: ഗവമ്മേണ്ടിന്റെ ദൃഷ്ടിയിൽ ഈ വിഷയം കാര്യമായി പെട്ടിട്ടുണ്ടെന്നും ഇതിനെപ്പറ്റി ഇന്ത്യാഗവമ്മെണ്ടുമായി വേണ്ടതു ആലോചിക്കുന്നതാണെന്നും പ്രത്യേകിച്ചു് കൊച്ചിയിലെ കുത്തക സമ്പ്രദായം അവസാനിപ്പിച്ചു വ്യവസായം വർദ്ധിപ്പിക്കുമെന്നും, തൊഴിലാളികൾക്കു് ആദായമുണ്ടാക്കികൊടുക്കുന്നതാണെന്നും മറുപടി മന്ത്രി അവർകളുടെ അടുക്കൽനിന്നും കിട്ടിയതുകൊണ്ടു് ഞാൻ ഈ പ്രമേയം പിൻവലിക്കുന്നു.

Resolution, by leave, with-drawn

As it was 5 p. m. the House was adjourned sine die.

P. NARAYANA SWAMI
Secretary to the Council

APPENDIX I

(Please see answer to Question No. 464)

The average yield per cow per lactation is given below.—

ONGOLE.—

1.	Kochammini	1,357 lbs.
2.	Narayini	1,363 ,,
3.	Sarala	1,533 ,, (only 1 lactation completed)
4.	Vilasini	2,585 ,,
5.	Narimani	(calf died—1st lactation)
6.	Satyabhama	do. no completed lactation

SCINDHI.—

1.	Kochukalyani	3,214 lbs.
2.	Madhavi	3,115 ,,
3.	Panchali	2,156 ,, (under trouble in 2 lactations)
4.	Balika	1,692 ,, (sickly and is proposed for sale)
5.	Kamalam	947 ,,
6.	Padmini	947 ,, (calf died during 1st lactation)
7.	Nandini	1,827 ,, (sickly and so proposed for sale)
8.	Nalinakshi	1,832 ,,
9.	Bhymi	999 ,,
10.	Rambha	1,903 ,,
11.	Thankamani	1,738 ,,
12.	Yasodhari	1,074 ,,
13.	Devayani	1,391 ,,
14.	Devaki	no completed lactation

ONGOLE AND SCINDHI.—

1.	Anarkali	1,945 lbs.
2.	Sundari	2,035 ,,
3.	Sumathi	1,814 ,,

COCHIN (LOCAL).—

1.	Bharathi	1,384 lbs.

LIBRARY ARCHIVES Kerala Legislative Assembly